(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദേശമദ്യ ഷാപ്പുകളിൽ എത്രപേരെ ദിവസക്കൂലിക്കാരായി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പിരിച്ചുവിടപ്പെട്ട ചാരായഷാപ്പ് തൊഴിലാളികളെ വിദേശ മദ്യഷാപ്പുകളിൽ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്നു വിശദമാക്കാമോ;

(ഇ) പുതിയതായി ആരംഭിക്കുന്ന വിദേശ മദ്യഷാപ്പുകളിൽ ചാരായ ഷാപ്പുകളിൽ നിന്നും പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയതായി തുടങ്ങിയ 51 വിദേശ മദ്യഷാപ്പുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ മറ്റു ഷോപ്പുകളിൽ നിയോഗിച്ചിരുന്ന അത്തരക്കാരെ ആവശ്യാനുസരണം പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) സർക്കാർ അംഗീകരിച്ച സേവന-വേതന വ്യവസ്ഥകളാണ് ഇവർക്ക് ബീവറേജസ് കോർപ്പറേഷൻ നൽകുന്നത്.

(സി) 583 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. ആരെയും നിയമിച്ചിട്ടില്ല.

(ഡി ആന്റ് ഇ) 20-4-2002-ലെ സർക്കാർ ഉത്തരവ് നം. 81/2/നി.വ. പ്രകാരം കോർപ്പറേഷൻ ഭാവിയിൽ തുറക്കുന്ന ചില്ലറ വില്പന ശാലകളിൽ ദിവസവേതന ജീവനക്കാരുടെ തസ്തികകളിൽ 25% അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതും, 1-4-1996-ലെ ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുമായ ചാരായ തൊഴിലാളികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കാൻ നടപടി

100 [3687] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയല്ലാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ അനുവദിച്ച തസ്തികകളിലേക്ക് മാത്രമേ ഒഴിവ് വന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്താനാകൂ. എന്നാൽ പുതിയതായി തുടങ്ങിയതും ഏറ്റെടുത്തതുമായ ചില്ലറ വില്പന ശാലകളിലേക്ക് തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ ഷാപ്പുകൾ നടത്തിക്കൊണ്ടുപോകാൻ അന്യസേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അതിലുപരി ദൈനംദിന ജോലികൾക്കായി ഷോപ്പുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ചിലരെ നിയോഗിച്ചിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് ഒഴിവുകൾ വന്നാൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനം നടത്താൻ കഴിയുകയുള്ളൂ.

ചില്ലറ വിദേശമദ്യഷാപ്പുകളിലിരുന്ന് മദ്യം കഴിക്കാൻ അനുമതി

101 [3688] ശ്രീ. എ. സുജനപാൽ:

,, ലൂഡി ലൂയിസ്:

,, കെ. മോഹൻകുമാർ:

,, പ്രൊഫ. എ. ഡി. മുസ്തഫ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യ ചില്ലറവില്പന ഷാപ്പുകളിലിരുന്ന് മദ്യം കഴിക്കുവാൻ ഇപ്പോൾ അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അനുവദിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ഇല്ല.

(സി) വിദേശമദ്യ ചില്ലറ വില്പനശാലകളിലിരുന്ന് മദ്യം കഴിക്കുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly